**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1145** **15-10-2026-ൽ മറുപടിയ്ക്ക്**

**വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. ആർ. ബൈജു ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; മണ്ണറക്കോണം-കാച്ചാണി റീച്ചിന്റെ സ്ഥലമേറ്റെടുപ്പ് ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

**മറുപടി:** തിരുവനന്തപുരം ജില്ലയിലെ വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടെയും വികസന പ്രവൃത്തിയ്ക്ക് 10.07.2017 തീയതിയിലെ GO(Rt)No.942/2017/PWD പ്രകാരം 100 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് 03.10.2025-ലെ G.O.(Rt) No.1453/2025/PWD പ്രകാരം ₹531.76 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി. ടി പ്രവൃത്തിയ്ക്ക് കെ.ആർ.എഫ്.ബി. പ്രോജക്ട് ഡയറക്ടറുടെ ഉത്തരവ് പ്രകാരം 73.615 കോടി രൂപയുടെ സാങ്കേതികാനുമതി 23.01.2026-ൽ നൽകുകയും ചെയ്തു. തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്യുകയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോർപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് 62,45,60,935/- രൂപയ്ക്ക് കരാർ 06.03.2026-ൽ നൽകി. 16.03.2026 തീയതിയിൽ കരാറുകാരന് സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. 18 മാസമാണ് ടി പ്രവർത്തിയുടെ കാലാവധി. നിലവിൽ നടപ്പിലാക്കി വരുന്ന വട്ടിയൂർക്കാവ് ജംഗ്ഷനും അനുബന്ധ റോഡുകളുടെയും വികസന പദ്ധതിയുടെ ആദ്യഘട്ടത്തിൽ ശാസ്തംഗലം-മണ്ണറക്കോണം-തോപ്പുമുക്ക്-വട്ടിയൂർക്കാവ് റോഡ്, മണ്ണറക്കോണം-പേരൂർക്കട റോഡ്, മണ്ണറക്കോണം-വഴയില റോഡിലെ ആദ്യ 120 മീറ്റർ ഭാഗം, മണ്ണറക്കോണം ജംഗ്ഷൻ വികസനം എന്നിവ ഉൾപ്പെടുന്ന ആകെ 7.215 കി.മീ റോഡുകളുടെ വികസനമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിൽ ശാസ്തമംഗലം വട്ടിയൂർക്കാവ് റോഡിൽ സംരക്ഷണ ഭിത്തിയും ഓടയുടെ നിർമാണവും നടന്നുവരികയാണ്.

വട്ടിയൂർക്കാവ് ജംഗ്ഷനും അനുബന്ധ റോഡുകളുടെയും വികസനം എന്ന പദ്ധതി ശാസ്തമംഗലം-മണ്ണറക്കോണം-തോപ്പുമുക്ക്-വട്ടിയൂർക്കാവ് റോഡ്, മണ്ണറക്കോണം-പേരൂർക്കട റോഡ്, മണ്ണറക്കോണം-മുക്കോല-വഴയില റോഡ് എന്നിവ ഉൾപ്പെടുത്തി സമഗ്രമായ റോഡ് വികസനമാണ് ലക്ഷ്യമിട്ടിരുന്നത്. പദ്ധതിയുടെ പ്രാരംഭ ഡി.പി.ആർ പ്രകാരം മണ്ണറക്കോണം-മുക്കോല-വഴയില റോഡ് (റീച്ച്-3) Ch.0/050 മുതൽ Ch.3/854 വരെ ആകെ 3.804 കി.മീ നീളത്തിൽ 18.5 മീറ്റർ വീതിയിൽ വികസിപ്പിക്കുവാനാണ് നിർദ്ദേശിച്ചിരുന്നത്. ഇതിനായി ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി 29.02.2022-ൽ 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ബാധിക്കപ്പെടുന്ന വസ്തുക്കളുടെയും കെട്ടിടങ്ങളുടെയും മൂല്യനിർണയം പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ ഭൂമി ഏറ്റെടുക്കൽ ചെലവിലുണ്ടായ ഗണ്യമായ വർധനവും പദ്ധതിയുടെ ആകെ ചെലവിലുണ്ടായ വർധനവും പരിഗണിച്ച്

സർക്കാർ പദ്ധതിയുടെ വ്യാപ്തി പുനർനിർണയിക്കുകയും 03.10.2025-ലെ G.O.(Rt) No.1453/2025/PWD പ്രകാരം ₹531.76 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി അനുവദിക്കുകയും ചെയ്തു.

പുതുക്കിയ ഭരണാനുമതി പ്രകാരം റീച്ച്-3 ന്റെ പരിധി Ch.0/050 മുതൽ Ch.2/190 വരെ മാത്രമായി (മണ്ണറക്കോണം മുതൽ മുക്കോല വരെ) പരിമിതപ്പെടുത്തുകയും Ch.0/050 മുതൽ Ch.2/190 വരെ വരെയുള്ള റോഡ് നിലവിലെ വീതിയിൽ നവീകരിക്കുന്നതിന് വേണ്ടി 6 കോടി രൂപയും ഭൂമി ഏറ്റെടുക്കുന്നതിനായി 12 കോടി രൂപയും അനുവദിക്കുകയും ചെയ്തു. റീച്ച് 1 (ശാസ്തമംഗലം- തോപ്പുമുക്ക് – വട്ടിയൂർക്കാവ് റോഡ്), റീച്ച് 2 (മണ്ണറക്കോണം – പേരൂർക്കട റോഡ്)എന്നിവ വികസിപ്പിക്കുമ്പോൾ മണ്ണറക്കോണം ജംഗ്ഷനിൽ നിന്നും മണ്ണറക്കോണം – മുക്കോല- വഴയില റോഡലേയ്ക്കുള്ള ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനായി ടി റീച്ചിലെ ആദ്യ 200 മീറ്റർ കൂടി ഏറ്റെടുത്ത് വികസനം നടപ്പിലാക്കുന്നതിനാണ് ഈ 13.6 കോടി രൂപ വിനിയോഗിക്കുന്നത്.

Ch.2/190 മുതൽ Ch.3/854 വരെയുള്ള ഏകദേശം 1.664 കി.മീ നീളമുള്ള ഭാഗം (മുക്കോല മുതൽ വഴയില വരെ) പദ്ധതിയുടെ നിലവിലെ ഭരണാനുമതിയിൽ നിന്ന് ഒഴുവാക്കിയിരിക്കുകയാണ്. നിലവിൽ മണ്ണറക്കോണം-മുക്കോല-വഴയില റോഡ് പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ അധീനതയിലാണ്.

**(ബി)** വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടച്ചുമതല ആർക്കാണ്; നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ;

**മറുപടി:** വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പ്രവൃത്തികളുടെ മേൽനോട്ടം കേരള റോഡ് ഫണ്ട് പി.എം.യു വിനാണ്. പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തികൾ നടന്നുവരികയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ പ്രസ്തുത ഭാഗത്തെ പൊട്ടിപ്പൊളിഞ്ഞ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്താതെ പല സ്ഥലങ്ങളിലും തകർന്നുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡിലെ ചില ഭാഗങ്ങളിൽ കുഴികൾ ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിച്ച് റോഡ് സഞ്ചാരയോഗ്യമാക്കാൻ വേണ്ട നിർദ്ദേശം കരാറുകാരന് നല്കിയിട്ടുള്ളതും ഉടൻ പരിഹരിക്കുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**